പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 844 30/06/2011-ൽ മറുപടിക്ക്

## വട്ടത്തിൽതങ്ങൾ പാലം, മണ്ണൂർ - ചെറുകാട് - കടമ്പാപാലം എന്നിവയുടെ നിർമ്മാണ അനുമതി പുനസ്ഥാപിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പ് മന്ത്രി) |
| എ) | ചടയമംഗലം മണ്ഡലത്തിൽ ഇത്തിക്കര ആറിന് കുറുകെ റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ അനുമതി ലഭിച്ചിരുന്ന വട്ടത്തിൽതങ്ങൾ പാലം, മണ്ണൂർ - ചെറുകാട് - കടമ്പാപാലം എന്നിവയുടെ നിർമ്മാണ അനുമതി റദ്ദ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണാനുമതി നൽകിയ പ്രവൃത്തികളിൽ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണാനുമതികൾ മാത്രമാണ് റദ്ദാക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കൂട്ടത്തിലാണ് കൊല്ലം ജില്ലയിലെ ഇത്തിക്കര ആറിന് കുറുകെ വട്ടത്തിൽ കടവ് പാലം, മണ്ണൂർ - കടമ്പ്രക്കടവിലെ പാലം എന്നിവയുടെ നിർമ്മാണാനുമതി ഉൾപ്പെട്ടിട്ടുള്ളത്. |
| ബി) | സ്കൂൾ കുട്ടികളടക്കമുള്ള പൊതുജനങ്ങളുടെ നിവേദനങ്ങളും അപേക്ഷകളും പരിഗണിച്ച് അനുവദിക്കപ്പെട്ടിരുന്ന പ്രസ്തുത പാലങ്ങളുടെ നിർമ്മാണ അനുമതി പുനസ്ഥാപിക്കുമോ? | ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ പ്രസ്തുത പാലം പണി സംബന്ധിച്ച് മറ്റ് നടപടികൾ കൈക്കൊള്ളുന്നതിന് സാദ്ധ്യമാവുകയുള്ളൂ. |

Rajeev

സെക്ഷൻ ഓഫീസർ